"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- വിജിലൻസ് വിംഗ്- സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും പൊതുഭരണ അക്കൗണ്ട്സ് വകുപ്പിലെ '2052-Secretariat General Service' എന്ന ശീർഷകത്തിൽ നിന്നും നൽകി വരുന്നത് മാറ്റി '2217' മേജർ ഹെഡിൽ ഉൾപ്പെടുത്തി പുതിയ ശീർഷകം തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(കൈ) നം.96/2025/LSGD തീയതി,തിരുവനന്തപുരം, 10-06-2025

---

പരാമർശം:-

1. സ.ഉ(എം.എസ്) നം. 200/80/LA&SWD തീയതി. 16.08.1980
2. സ.ഉ(എം.എസ്) നം. 268/2013/LSGD തീയതി. 27.07.2013
3. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 15/05/2023 തീയതിയിലെ CTPVIG/479/23 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ ആഭ്യന്തര പരിശോധനാ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കണം എന്ന ഉദ്ദേശത്തോടുകൂടി ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പൊതുഭരണ വകുപ്പിനോട് അറ്റാച്ച് ചെയ്ത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമായി പരാമർശം (1) പ്രകാരം ഒരു വിജിലൻസ് വിഭാഗം രൂപീകരിച്ചിരുന്നു. 1980-ലെ ഇനം:621 നമ്പർ മന്ത്രിസഭായോഗ തീരുമാന പ്രകാരമാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. പൊതുഭരണ വകുപ്പിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു ഡെപ്യൂട്ടി സെക്രട്ടറി , ഒരു സീനിയർ ടൗൺ പ്ലാനർ, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകൾ ഉൾപ്പെടുത്തി രൂപീകരിച്ച തദ്ദേശ സ്വയംഭരണ വകുപ്പ്(വിജിലൻസ് സെൽ) -ന്റെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി പുതിയ ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങുന്നതിനുള്ള നിർദ്ദേശം പൊതുഭരണ (അക്കൗണ്ട്സ്) വകുപ്പിന് നൽകിയിരുന്നു. തുടർന്ന് പ്രസ്തുത വിഭാഗത്തിന്റെ ശമ്പളവും മറ്റാനുകൂല്യങ്ങളുമെല്ലാം കൈകാര്യം ചെയ്യുന്നത് പൊതുഭരണ (ബഡ്ജറ്റ്) വിഭാഗത്തിൽ നിക്ഷിപ്തമാവുകയും, ആയത് ഗവൺമെന്റ് സെക്രട്ടേറിയേറ്റിന്റെ

മെയിൻ ഹെഡായ '2052'-ൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യപ്പെടുകയുമുണ്ടായി.

2. തുടർന്ന്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം വിജിലൻസ് വിംഗ് വിപുലീകരിക്കുകയും പുതിയ തസ്തികകൾ സൃഷ്ടിക്കുകയുമുണ്ടായി. എന്നാൽ കാലക്രമത്തിൽ പ്രസ്തുത വിഭാഗം ഗവ.സെക്രട്ടേറിയറ്റിൽ നിന്നും മാറ്റപ്പെടുകയും വകുപ്പ് തലവന്റെ ഓഫീസിലേയ്ക്ക് പ്രവർത്തനം കേന്ദ്രീകരിക്കുകയുമുണ്ടായി. എന്നാൽ പ്രസ്തുത വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളമടക്കമുള്ള നിയന്ത്രണ സംവിധാനം പൊതുഭരണ വകുപ്പിൽ തന്നെ തുടരുകയാണുണ്ടായത്. ഇത് പ്രായോഗികമായി ഒട്ടേറെ ഭരണപരമായ അസൗകര്യങ്ങൾക്കിടയാക്കുന്നതിനാൽ ഈ വിഷയം പരിഹിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിയ്ക്കുകയുണ്ടായി.

3. വസ്തുതകൾ പരിശോധിച്ചതിൽ പരാമർശ വിഭാഗം രൂപീകരിച്ച സാഹചര്യമല്ല ആയതുമായി ബന്ധപ്പെട്ട് നിലവിൽ നിലനിൽക്കുന്നത് എന്ന് സർക്കാർ കാണുകയുണ്ടായി. രൂപീകരണഘട്ടത്തിൽ സർക്കാരിന്റെ ഭാഗമായി തന്നെ നിലനിർത്താനും ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ, ഗവ.സെക്രട്ടറിയറ്റിൽ തന്നെ ആസ്ഥാനമായി പ്രവർത്തിക്കാനുമായിരുന്നു ടി വിഭാഗത്തെ വിഭാവനം ചെയ്തിരുന്നത്. അങ്ങനെ തന്നെയാണ് ഇവ പ്രവർത്തിച്ചിരുന്നതും. എന്നാൽ കാലക്രമത്തിൽ ഇവയുടെ വിപുലീകരണത്തെ തുടർന്നും മറ്റനുബന്ധകാരണങ്ങളാലുമാണ് ഇവയുടെ പ്രവർത്തനം വകുപ്പ് തലവന്റെ ഓഫീസ് കേന്ദ്രീകരിച്ചായിട്ടുള്ളത്. അപ്പോഴും ഇവരുടെ ശമ്പളവും അനുബന്ധകാര്യങ്ങളും ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ തന്നെ തുടർന്നു വരുകയാണുണ്ടായത്. ഈ രീതിയാണ് ഈ വിഭാഗത്തിലെ ജീവനക്കാർക്കും പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനത്തിനും ഒരുപോലെ ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുള്ളത്. ഈയൊരു പശ്ചാത്തലത്തിലാണ് നിലവിലെ രീതി മാറ്റി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മെയിൻ ഹെഡായ '2217' ൽ ഒരു ശീർഷകം തുടങ്ങാൻ അനുമതി നൽകി പ്രശ്ന പരിഹാരമുണ്ടാക്കണമെന്നാവശ്യപ്പെട്ട് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച നിലവിൽ സെക്രട്ടേറിയേറ്റ് ജനറൽ

സർവ്വീസിൽ വരുന്ന '2052' ഹെഡിൽ ഓപ്പറേറ്റ് ചെയ്യപ്പെടുന്ന പരാമർശ വിഷയം മേൽഹെഡിൽ നിന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ '2217' മേജർ ഹെഡിലേക്ക് മാറ്റി, തദ്ദേശ സ്വയംഭരണ വകുപ്പിലെ ഗവ.സെക്രട്ടറിയെ CCO ആയും, ബന്ധപ്പെട്ട അഡീഷണൽ സെക്രട്ടറിയെ SCO ആയും, ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) DDO ആയുമുള്ള ഒരു ക്രമീകരണം ആണ് ചീഫ് ടൗൺ പ്ലാനർ വിജിലൻസ് സമർപ്പിച്ചിട്ടുള്ളത്. മേൽ പ്രൊപ്പോസലിൻമേൽ സർക്കാർ വിശദമായ പരിശോധന നടത്തുകയും പൊതുഭരണ, ധനകാര്യ വകുപ്പ് എന്നിവയുമായി കൂടിയാലോചന നടത്തുകയുമുണ്ടായി മേൽ നിർദ്ദേശത്തോട് തത്വത്തിൽ യോജിപ്പ് അറിയിച്ചുകൊണ്ട്, നിലവിലുള്ള രീതി ഒരു മന്ത്രിസഭായോഗ തീരുമാന പ്രകാരം എടുത്തതാകയാൽ ആയതിൽ വരുത്തുന്ന മാറ്റം മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിന് വിധേയമായിരിക്കണമെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന് വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വയ്ക്കുകയും നിർദ്ദേശം അംഗീകരിക്കപ്പെടുകയുമുണ്ടായി.

5. മേൽ സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് വിജിലൻസ് വിഭാഗത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശമ്പളവും അനുബന്ധ ആനുകൂല്യങ്ങളും നിലവിൽ കൈകാര്യം ചെയ്യപ്പെടുന്ന ഗവ.സെക്രട്ടറിയറ്റ് ജനറൽ സർവ്വീസ് '2052-00-092-96 ഹെഡിൽ' നിന്ന് മാറ്റി, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മേജർ ഹെഡ്'2217'-മേജർ ഹെഡിൽ ഉൾപ്പെടുത്തി തദ്ദേശ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി CCO ആയും, ബന്ധപ്പെട്ട അഡീഷണൽ സെക്രട്ടറി SCO ആയും , വകുപ്പ് തലവനായ ചീഫ് ടൗൺ പ്ലനർ (വിജിലൻസ്) DDO ആയുമുള്ള ഒരു ക്രമീകരണം ചെയ്ത് പുതിയൊരു ശീർഷകം തുടങ്ങാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6 . മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ ധനകാര്യവകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2.ചീഫ് ടൗൺ പ്ലാനർ, വിജിലൻസ്, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), തിരുവനന്തപുരം

4. പൊതുഭരണ(ബഡ്ജറ്റ് വിംഗ്) വകുപ്പ് (Vide UO note No. BW1/20/2023/ GAD തീയതി 19.11.2024)

5.പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം: 3008)

6. ധനകാര്യ (BW) വകുപ്പ് (Vide file No. BW-D1/272/2024/Fin തീയതി.30.11.2024)

7.ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

8. വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

9.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

10.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi P.
സെക്ഷൻ ഓഫീസർ
Date: 10-06-2025 13:42:19

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-06-2025

ഫയൽ നം. ഇ.ഡബ്ല്യൂ.ബി3/64/2023/തസ്വഭവ. ഇനം നം: 3008

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പ് വിജിലൻസ് വിംഗിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സെക്രട്ടേറിയേറ്റ് ജനറൽ സർവ്വീസിനു കീഴിലുള്ള 2052-00-092-96 എന്ന ശീർഷകത്തിൽ നിന്നും നൽകിവരുന്നതു മാറ്റി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ '2217-മേജർ' ഹെഡിൽ ഉൾപ്പെടുത്തി പുതിയ ശീർഷകം തുടങ്ങുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

3008

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | ഇ ഡബ്ല്യൂ ബി3/64/2023/തസ്വഭവ |
| 2 | വകുപ്പ് | : | തദ്ദേശ സ്വയംഭരണ (ഇ ഡബ്ള്യൂ ബി) വകുപ്പ് |
| 3 | വിഷയം | : | തദ്ദേശ സ്വയംഭരണ വകുപ്പ്, വിജിലൻസ് വിംഗിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സെക്രട്ടറിയേറ്റ് ജനറൽ സർവ്വീസിനു കീഴിലുള്ള 2052-00-092-96 എന്ന കണക്ക് ശീർഷകത്തിൽ നിന്നും നൽകിവരുന്നതു മാറ്റി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2217 മേജർ ഹെഡിൽ ഉൾപ്പെടുത്തി പുതിയ ശീർഷകം തുടങ്ങുന്നതിന് അനുമതി നൽകുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 29.03.2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഇല്ല |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിജുക്കുട്ടൻ എം. എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.പുനീത് കുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.052025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.05.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എം.ബി.രാജേഷ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30.05.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭ യോഗത്തിനുള്ള കുറിപ്പ്

16.08.1980 ലെ സ.ഉ (എം.എസ്) നം.200/80/LD&SWD നമ്പർ ഉത്തരവ് പ്രകാരം, പൊതുഭരണവകുപ്പിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിൽ ഡെപ്യൂട്ടി സെക്രട്ടറി, സീനിയർ ടൗൺ പ്ലാനർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിവരുടെ ഓരോ തസ്തിക ഉൾപ്പെടുത്തി വിജിലൻസ് സെൽ രൂപീകരിച്ചിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒരു ആന്തരിക പരിശോധനാ സംവിധാനം എന്ന നിലയ്ക്ക് സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ക്രമീകരണം എന്ന നിലയ്ക്ക് ഇതിന്റെ ആസ്ഥാനം ഗവ.സെക്രട്ടറിയേറ്റിൽ ആണ് നിശ്ചയിച്ചിരിക്കുന്നത്. 1980 ലെ ഇനം 621 നമ്പർ കാബിനറ്റ് തീരുമാന പ്രകാരമാണ് പ്രസ്തുത ഉത്തരവായത്. മേൽ ഉത്തരവ് പ്രകാരം തന്നെ തദ്ദേശ സ്വയംഭരണ വിജിലൻസ് വകുപ്പിന്റെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി പുതിയ ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങുന്നതിനുള്ള നിർദ്ദേശം മേൽപ്പറഞ്ഞ കാരണങ്ങളാൽ ഗവ.സെക്രട്ടറിയേറ്റ് ഭരണത്തിൽ വരുന്ന പൊതുഭരണ (അക്കൗണ്ട്സ്) വകുപ്പിന് നൽകിയിരുന്നു. ഇതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 27/7/2013 ലെ GO(MS) നം.268/2013/LSGD ഉത്തരവ് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന തസ്തികകൾ സൃഷ്ടിച്ചിരുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | ചീഫ് ടൗൺ പ്ലാനർ | 1 |
| 2 | ടൗൺ പ്ലാനർ | 3 |
| 3 | ഡെപ്യൂട്ടി ടൗൺ പ്ലാനർ | 9 |
| 4 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 5 | ടൈപ്പിസ്റ്റ് | 2 |

2. വിജിലൻസ് വിംഗിന്റെ വിപുലീകരണത്തോടെ പൊതുഭരണ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തിക ഒഴിവാക്കപ്പെടുകയും പകരം ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നേതൃ സ്ഥാനത്ത് വരികയും ചെയ്തു. എന്നാൽ വിജിലൻസ് വിംഗിന്റെ ഭരണപരമായ നിയന്ത്രണം ഗവ.സെക്രട്ടറിയേറ്റിലെ തദ്ദേശ സ്വയംഭരണ വകുപ്പിലും, സാലറി സംബന്ധമായ വിഷയം ഗവ.സെക്രട്ടറിയേറ്റിലെ പൊതുഭരണ (അക്കൗണ്ട്സ്-ബഡ്ജറ്റ് വിംഗ്) തന്നെ തുടർന്നു വരുന്നിരുന്നു.

3. തദ്ദേശ സ്വയംഭരണ വകുപ്പ് വിജിലൻസ് വിഭാഗം, ആഭ്യന്തര പരിശോധനാ സംവിധാനം എന്ന നിലയ്ക്ക് ഫലപ്രദമായി പ്രവർത്തിക്കണം എന്ന ഉദ്ദേശത്തോടുകൂടിയാണ് ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പൊതുഭരണ വകുപ്പിനോട് അറ്റാച്ച് ചെയ്ത് രൂപീകരിച്ചിട്ടുള്ളത്. എന്നാലിത് കാലക്രമത്തിൽ ഗവ.സെക്രട്ടേറിയറ്റിൽ നിന്നും മാറ്റപ്പെടുകയും വകുപ്പ് തലവന്റെ ഓഫീസിലേയ്ക്ക് പ്രവർത്തനം കേന്ദ്രീകരിക്കുകയുമുണ്ടായി. അപ്പോഴും പ്രസ്തുത വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളമടക്കമുള്ള നിയന്ത്രണ സംവിധാനം പൊതുഭരണ വകുപ്പിൽ തന്നെ തുടരുന്നത് പ്രായോഗികമായി ഒട്ടേറെ ഭരണപരമായ അസൗകര്യങ്ങൾക്കിടയാക്കുകയും ചെയ്തു. ഇത്തരമൊരു സാഹചര്യത്തിൽ നിലവിലുള്ള സംവിധാനത്തിന്റെ ഘടന അതേ രീതിയിൽ തുടരേണ്ടതുണ്ടോയെന്ന് പരിശോധിക്കുകയുണ്ടായി.

4. തസ്വഭവ പ്രിൻസിപ്പൽ സെക്രട്ടറിയെ CCO യും, അഡീഷണൽ സെക്രട്ടറി (EWB)-യെ SCO യും മുഖ്യനഗരാസൂത്രകൻ (വിജിലൻസ്)-നെ DDO യും ആയി നിശ്ചയിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് (വിജിലൻസ് വിംഗ്)-ലെ ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റും അലവൻസുകളും പൊതുഭരണ അക്കൗണ്ട്സ് വകുപ്പിലെ '2052-Secretariat General Service' എന്ന ശീർഷകത്തിൻ കീഴിലെ '2052-092-96 'എന്ന സബ് ഹെഡിൽ നിന്നും മാറ്റി '2217' മേജർ ഹെഡിൽ ഉൾപ്പെടുത്തി ഒരു ബദൽ ക്രമീകരണം ഓപ്പറേറ്റ് ചെയ്ത് വിഷയം പരിഹരിക്കാൻ കഴിയുമെന്ന് കണ്ടെത്തുകയുണ്ടായി. ഇതിൻമേലുള്ള ധനവകുപ്പുമായുള്ള

കൂടിയാലോചനയിൽ, നിർദ്ദേശത്തോട് തത്വത്തിൽ യോജിച്ചുകൊണ്ട് ആ വകുപ്പ് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തുകയുണ്ടായി.

’It is noted that the decision to provide salary for the Vigilance Unit from the Secretariat head of account (M/H 2052) has been taken with the approval of Cabinet. Therefore, the Ad is requested to inform whether the present proposal to change the head of account to M/H 2217 has been taken with the approval of Cabinet. If not, the proposal may be furnished with the support of approval of the Cabinet for allotting a new head for the purpose under the M/H 2217 from 2025-26 onwards. The Ad is also requested to arrange to furnish budget estimates of the Unit for 2025-26 under the existing MH 2025 at the earliest. It is also informed that if approval of the Cabinet is obtained and communicated before the finalization of the non-plan budget estimates for 2025-26 by the Budget Wing, new heads of account under the M/H 2217 with sufficient provision will be allotted for the purpose in BE 2025-26 itself.’

5. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, എൽ.എസ്.ജി.ഡി വിജിലൻസ് വിഭാഗത്തിന്റെ ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റും അലവൻസുകളും പൊതുഭരണ അക്കൗണ്ട്സ് വകുപ്പിലെ ‘2052-Secretariat General Service’ എന്ന ശീർഷകത്തിൻ കീഴിലെ ‘00-092-96’ എന്ന സബ് ഹെഡിൽ നിന്നും മാറ്റി ‘2217 മേജർ ഹെഡിൽ’ ഉൾപ്പെടുത്തി പുതിയ ശീർഷകം തുടങ്ങുന്നത് സംബന്ധിച്ച വിഷയം, ആയത് പഴയൊരു മന്ത്രിസഭാ തീരുമാനം അനുസരിച്ചാണ് നടപ്പായതെന്നത്കൊണ്ട് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാമോയെന്ന ഉത്തരവിനായി ബഹു.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുഖേന ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

തസ്വഭവ (വിജിലൻസ് വിംഗ്)-ലെ ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് അലവൻസുകളും നിലവിൽ കൈകാര്യം ചെയ്യുന്ന പൊതുഭരണ അക്കൗണ്ട്സ് വകുപ്പിലെ '2052-Secretariat General Service' എന്ന ശീർഷകത്തിൻ കീഴിലെ '00-092-96' എന്ന സബ് ഹെഡിൽ നിന്നും മാറ്റി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ '2217- മേജർ' ഹെഡിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് പുതിയ ശീർഷകം ആരംഭിക്കാവുന്നതാണോ?

31/

GOVERNMENT OF KERALA

Abstract

Secretariat - Establishment - Formation of a Vigilance Cell in the Local Administration and Social Welfare Department, Secretariat to scrutinise files on exemption from Building Regulations in Local Bodies - Sanctioned - Orders issued.

LOCAL ADMINISTRATION & SOCIAL WELFARE (G) DEPARTMENT

G.O.(Ms) No.200/80/LA&SWD. Dated, Trivandrum, 16-8-1980.

ORDER

There are a lot of complaints regarding the manner in which applications under Building Regulation Rules are being considered in the various offices of the local bodies as well as in District Town Planning Offices. Therefore, a provision for surprise inspection of the processing of building regulation applications in the local bodies and the District Town Planning offices will prove to be a healthy measure in counteracting possible corrupt practices. Government are, therefore, pleased to constitute a Vigilance Cell consisting of a Deputy Secretary, a Senior Town Planner and a Confidential Assistant, in the Local Administration & Social Welfare Department, Secretariat to scrutinise the files on exemption from building regulations in Municipalities, Corporations, Town Planning Trusts, Development Authorities, District Town Planning offices and Panchayats and also to undertake local inspections wherever necessary.

2. Sanction is also accorded for creation of the following posts for the period upto 28-2-1981 for the Vigilance Cell in the Local Administration & Social Welfare Department, Secretariat.

| Name of Post | Scale of Pay Rs. | No. of Posts |
|---|---|---|
| Deputy Secretary to Government | 1200-1800/- | One |
| Senior Town Planner | 1125-1725/- plus Special Pay Rs.75/- | One |
| Confidential Assistant Grade II | 350-580/- | One |

33

: 2 :

3. The post of the Senior Town Planner will be an addition to the cadre of the Senior Town Planner of the Kerala Town Planning Service.

4. The expenditure on this account will be incurred observing New Service procedure.

5. The General Administration (Accounts) Department is requested to take immediate action to open a new head of account under '052 Secretariat General Service (C) Other Offices' for the Cell and to provide the required funds for pay, allowances and Travel expenses observing 'New Service' procedure.

By Order of the Governor,
M. DANDAPANI,
Special Secretary.

To

The Chief Town Planner, Trivandrum.
The Director of Municipalities, Trivandrum.
The Director of Panchayats, Trivandrum.
The Commissioner, Corporation of Trivandrum (Through Mayor).
The Commissioner, Corporation of Cochin (Through Mayor).
The Commissioner, Corporation of Calicut (Through Mayor).
All Municipal Commissioners (Through Chairmen).
The General Administration (Special B) (Accounts) and (Services-E) Department.
The General Administration (Pol.A) Department.
The General Administration (SC) Department (vide item 621 of Council decision).
The Accountant General, Kerala, Trivandrum (This issues with the concurrence of F.D) (~~Through Finance Dept~~).
The Senior Accountant General, Entitlements, Trivandrum (~~Through Finance Department~~).
The Finance Department (~~with file 6850/G1/80/IA&SWD~~).
The Private Secretary to Minister (L.A).
The Confidential Assistant to Special Secretary (L.A).

Forwarded / By Order,

[signature] [signature]

Section Officer.

# GOVERNMENT OF KERALA

Abstract

Local Self Government Department – Strengthening of the Vigilance Wing - Creation of additional posts - Orders issued.

## LOCAL SELF GOVERNMENT (EU) DEPARTMENT

GO(MS)No: 268/2013/LSGD. Dated, Thiruvananthapuram, 27.7.2013

Read:- G.O.(MS) 200/80/LSGD dated 16.08.1980.

## ORDER

Government are pleased to create following posts towards strengthening of the Vigilance Wing established in the Local Self Government Department as per the Government Order read above.

| Sl. No. | Name of the post | Scale of Pay | Number |
|---|---|---|---|
| 1. | Chief Town Planner (Vig.) (In the place of the post of Senior Town Planner (Vig) presently attached to the Vigilance Wing) | 48640-59840 | One |
| 2. | Town Planner (Vig.) | 36140-49740 | Three |
| 3. | Deputy Town Planner (Vig.) | 21240-37040 | Nine |
| 4. | Confidential Assistant | 10840-18300 | One |
| 5. | Typist | 9940-16580 | Two |

R.. ised guidelines f.. the effe..tive ..n..tion.. ..n the Vigilance W..ng ..n.. ..ed separately

By Order of the Governor,

JAMES VARGHESE
PRINCIPAL SECRETARY TO GOVT.

To

The Chief Town Planner, Thiruvananthapuram.
The Senior Town Planner (Vigilance), Local Self Government Department.
The Accountant General (A&E)/(Audit), Thiruvananthapuram.
The Finance Department (Vide reference 55828/Dev.1/2013/Fin. dated 20.07.2013)
The Director, Information Kerala Mission, Thiruvananthapuram.
The Stock File / Office Copy

Forwarded by Order

Section Officer